(ഡി) ഡിപ്ലോമ ഇൻ ഫാർമസി (ഡി.ഫാം) കോഴ്സ് പഠിപ്പിക്കുന്നതിന് ഫാർമസി കൗൺസിൽ ഓഫ് ഇൻഡ്യയുടെ റഗുലേഷൻ പ്രകാരം ജനറൽ പോസ്റ്റുകളാണ് ഉണ്ടാക്കിയിരുന്നുത്. അത്തരം ജനറൽ പോസ്റ്റുകൾ നിലവിലുള്ളതിനാലാണ് ഫാർമസിയിൽ ജനറൽ വിഭാഗത്തെ ഉൾപ്പെടുത്തിയത്.

(ഇ) ഫാർമസി കൗൺസിൽ ഓഫ് ഇൻഡ്യയുടെ നിയമം അനുസരിച്ച് ലക്ചറർ ആയി നിയമനം ലഭിക്കുന്നതിനുള്ള അടിസ്ഥാന യോഗ്യത എം.ഫാം/ ബി.ഫാം ഡിഗ്രിയും മൂന്നു വർഷത്തെ അദ്ധ്യാപന/പ്രൊഫഷണൽ പരിചയവുമാണ്. ആൾ ഇൻഡ്യാ കൗൺസിൽ ഫോർടെക്നിക്കൽ എഡ്യൂക്കേഷന്റെ നിയമം അനുസരിച്ച് പ്രസ്തുത യോഗ്യത എം.ഫാം. ഡിഗ്രിയാണ്.

(എഫ്) 19-2-79 ലെ സ.ഉ. (എം.എസ്) നം. 33/79/ഹെൽത്ത് എന്ന ഉത്തരവ് പ്രകാരമാണ് ഫാർമസി ലക്ചറർമാരുടെ അടിസ്ഥാനയോഗ്യത നിശ്ചയിച്ചിരിക്കുന്നത്. 16-6-2000 ത്തിലെ സ.ഉ.(പി) നം.145/2000/ആ.കു.വ. പ്രകാരം മേലിൽ സീനിയർ ലക്ചറർ തസ്തികയിലേയ്ക്ക് മാത്രമേ നിയമനം നടത്താവൂ എന്നും സീനിയർ ലക്ചറർമാരുടെ യോഗ്യത പി.ജി. ഡിഗ്രി ആയിരിക്കുമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

(ജി) ഇപ്പോൾ പരിഗണനയിലില്ല.

മെഡിക്കൽ കോളേജിലെ എം.ഫാം. കോഴ്സുകൾ

201 (1136) ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഏതെല്ലാം മെഡിക്കൽ കോളേജുകളിലാണ് എം. ഫാം. കോഴ്സുകൾ നിലവിലുള്ളത് ; ഓരോ വിഷയത്തിലും എത്ര സീറ്റ് വീതം ഉണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) പുതിയ വിഷയങ്ങളിൽ എം.ഫാം കോഴ്സുകൾ സംസ്ഥാനത്ത് ആരംഭിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ ;

(സി) നിലവിലുള്ള എം.ഫാം. കോഴ്സുകളിൽ ഏതെല്ലാം വിഷയങ്ങൾക്കാണ് ആൾ ഇൻഡ്യാ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷന്റെ അനുമതിയോ അംഗീകാരമോ ലഭിച്ചിട്ടുള്ളത് ; അതു സംബന്ധിച്ച് ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ;

(ഡി) ഉണ്ണികൃഷ്ണൻ കേസിൽ സുപ്രീംകോടതി നിശ്ചയിച്ചിട്ടുള്ള മാനദണ്ഡം അനുസരിച്ചും എ.ഐ..സി.റ്റി.യുടെ ഷെഡ്യൂൾ അനുസരിച്ചും ഓരോ വർഷവും എം.ഫാം കോഴ്സുകൾ ഏതു സമയത്താണ് ആരംഭിക്കേണ്ടത് ;

(ഇ) ഇൻഡ്യയിലെ മറ്റ് സംസ്ഥാനങ്ങളിലും യൂണിവേഴ്സിറ്റികളിലും എം.ഫാം കോഴ്സ് ആരംഭിക്കുന്ന സമയത്തുതന്നെ സംസ്ഥാനത്തും അഡ്മിഷൻ നടത്താൻ നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) കഴിഞ്ഞ വർഷം എം.ഫാം കോഴ്സിനുള്ള പ്രോസ്പെക്ടസ് പ്രസിദ്ധീകരിച്ചശേഷം എത്രമാസം കഴിഞ്ഞാണ് കോഴ്സ് ആരംഭിച്ചത് ;

(ജി) ഈ വർഷം എം.ഫാം കോഴ്സിനുള്ള അപേക്ഷ സ്വീകരിച്ച അവസാന തീയതി എന്നായിരുന്നു ; അഡ്മിഷൻ എന്നത്തേയ്ക്ക് തുടങ്ങാനാണ് സർക്കാർ ലക്ഷ്യമിട്ടിട്ടുള്ളത് ?

ഉത്തരം

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ മാത്രമാണ് എം.ഫാം. കോഴ്സ് നിലവിലുള്ളത്. ഓരോ വിഷയത്തിലും താഴെപ്പറയും പ്രകാരം സീറ്റുകൾ ഉണ്ട്.

1.	ഫാർമസ്യൂട്ടിക്കൽ കെമിസ്ട്രി	2
2.	ഫാർമസ്യൂട്ടിക്കൽ ടെക്നോളജി	2
3.	ഫാർമകോഗ്നോസി ആന്റ് ഫൈറ്റോകെമിസ്ട്രി	2
4.	ഫാർമക്കോളജി	2

(ബി) മെഡിസിനൽ കെമിസ്ട്രി, ഫാർമസി പ്രാക്ടീസ് എന്നീ വിഷയങ്ങളിൽ എം.ഫാം. കോഴ്സുകൾ തുടങ്ങാൻ അനുമതി നൽകിയിട്ടുണ്ട്.

(സി) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ നിലവിലുള്ള എം.ഫാം കോഴ്സുകൾക്ക് ആൾ ഇൻഡ്യ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷന്റെ അംഗീകാരം ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഇ) പരിശോധിക്കുന്നതാണ്.

(എഫ്) പ്രോസ്പെക്ടസ് പ്രസിദ്ധീകരിയ്ക്കാറില്ല. അപേക്ഷയോടൊപ്പം അപേക്ഷകർക്ക് ലഭ്യമാക്കാറാണ് ചെയ്യുന്നത്.

(ജി) ഈ വർഷം എം. ഫാം. കോഴ്സിനുള്ള അപേക്ഷ സ്വീകരിച്ച അവസാന തീയതി 17-1-01 ആയിരുന്നു. റാങ്ക്ലിസ്റ്റ് എൻട്രൻസ് കമ്മീഷണറിൽ നിന്ന് ലഭിച്ചാലുടൻ തന്നെ അഡ്മിഷൻ നടത്തുന്നതാണ്.

സ്വകാര്യ ഫാർമസി കോളേജുകളിലെ പ്രവേശന മാനദണ്ഡങ്ങൾ

202 (1137) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര അംഗീകൃത ഫാർമസി ഡിപ്ലോമ കോളേജുകൾ ഉണ്ട് ; അവ ഏതെല്ലാം ;

LIBRARY ARCHIVES Kerala Legislative Assembly